"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കണ്ണൂർ ജില്ല - കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് - ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് - മൊടോളിപ്പാലം അരിങ്ങോട്ടുംക്കണ്ടി കോളനി വട്ടോളി റോഡ് പുനരുദ്ധാരണ പ്രവൃത്തി - കാലതാമസം മാപ്പാക്കിയും - അന്തിമ ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.12/2026/DMD തീയതി,തിരുവനന്തപുരം, 05-01-2026

---

പരാമർശം:-
1. സ. ഉ. (സാധാ) നം. 80/2022/ഡി.എം.ഡി. തീയതി, 24.01.2022
2. കണ്ണൂർ ജില്ലാകളക്ടറുടെ 07.11.2025 ലെ DCKNR/5991/2022-DM2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ മൊടോളിപ്പാലം അരിങ്ങോട്ടുംക്കണ്ടി കോളനി വട്ടോളി റോഡ് പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവായിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ്ഓവർ ചെയ്തിരിക്കുന്നത് 19.05.2023 തീയതിയാണെന്നും മഴ കാരണം ആ വർഷം പ്രവൃത്തി ഒന്നും നടത്താൻ സാധിച്ചില്ലെന്നും കൂടാതെ സമീപമുള്ള മറ്റൊരു റോഡ് പണി നടക്കുന്നതിനാൽ ഈ റോഡിൽ കൂടി ട്രാഫിക്ക് ഡൈവേർഷൻ ഉള്ളതുകൊണ്ടും ടി പ്രവൃത്തി തുടർന്ന് നടത്താൻ തടസ്സങ്ങൾ നേരിട്ടുവെന്നും ആയതിനാൽ ടി റോഡ് പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ മൊടോളിപ്പാലം അരിങ്ങോട്ടുംക്കണ്ടി കോളനി വട്ടോളി റോഡ് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുകയിൽ നിന്നും SDRF മാനദണ്ഡപ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/225/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S.R
സെക്ഷൻ ഓഫീസർ
Date: 05-01-2026 11:50:57

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്.